## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.354 10/03/2015-ൽ മറുപടിക്ക്**

# പണി പൂർത്തിയാക്കാത്ത ചെറുകിട ജലവൈദ്യുത പദ്ധതികൾ


ചോദ്യം
ശ്രീമതി.കെ.കെ.ലതിക

മറുപടി
ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)


(എ) ഏതൊക്കെ ചെറുകിട ജലവൈദ്യുത പദ്ധതികളാണ് ഇനിയും പൂർത്തിയാക്കാനുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിയും പൂർത്തിയാകാത്തതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

**(എ) യും (ബി)യും**

ഇനിയും പൂർത്തിയാക്കാനുള്ള ചെറുകിട ജലവൈദ്യുത പദ്ധതികളും പൂർത്തിയാകാത്തതിനുള്ള കാരണങ്ങളും ചുവടെ ചേർക്കുന്നു.

| നമ്പർ | പദ്ധതി | കാരണങ്ങൾ |
|---|---|---|
| 1 | ചിമ്മിനി | ഈ പദ്ധതി 4/2015 -ൽ കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| 2 | ബാരപ്പോൾ | പദ്ധതിക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുവാനുണ്ടായ കാലതാമസം. |
| 3 | വെള്ളത്തൂവൽ | പദ്ധതിക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുവാനുണ്ടായ കാലതാമസം. |
| 4 | പെരുന്തേനരുവി | പദ്ധതിക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുവാനുണ്ടായ കാലതാമസം. |
| 5 | കക്കയം | പദ്ധതിക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുവാനുണ്ടായ കാലതാമസം. |
| 6 | ചാത്തൻ കോട്ടുനട II | പദ്ധതിക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുവാനുണ്ടായ കാലതാമസം. |
| 7 | ആഡ്യൻപാറ | പദ്ധതി പ്രവർത്തനം സമയബന്ധിതമായി പൂർത്തിയായി |

| | | |
|---|---|---|
| | | വരുന്നു. ഈ പദ്ധതി ജൂൺ 2015 -ൽ കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| 8,9 | ഭൂതത്താൻ കെട്ട്, പൊരിങ്ങൽകുത്ത് } | പദ്ധതിയ്ക്ക് ആവശ്യമായ വനഭൂമി ഉണ്ട്. ഏറ്റെടുക്കുവാനുള്ള അനുമതി ലഭിക്കുവാനുണ്ടായ കാലതാമസം. |

സ്വകാര്യ മേഖലയിൽ CPP/IPP വിഭാഗങ്ങളിലായി മത്സരദർഘാസിന്റെ അടിസ്ഥാനത്തിൽ അനുവദിച്ച പദ്ധതികളിൽ താഴെപ്പറയുന്ന പദ്ധതികൾ പൂർത്തിയായിട്ടില്ല.

| ക്രമ നം. | പദ്ധതി | കാരണങ്ങൾ |
|---|---|---|
| 1 | ആറ്റ് ലെ - I | പദ്ധതിയ്ക്കായുള്ള ഭൂമി ഏറ്റെടുക്കുവാനുള്ള പ്രയാസങ്ങൾ |
| 2 | ആറ്റ് ലെ - II | പദ്ധതിയ്ക്കായുള്ള ഭൂമി ഏറ്റെടുക്കുവാനുള്ള പ്രയാസങ്ങൾ |
| 3 | ളുവലാർ | സി.എച്ച്.ആർ സോണിലുള്ള പ്രദേശമായതിനാൽ പദ്ധതി തുടങ്ങുവാനുള്ള അനുമതി കിട്ടിയിട്ടില്ല. |
| 4 | അപ്പർ വട്ടപ്പാറ | പദ്ധതി ഉപേക്ഷിച്ചു. കാവേരി നദീജല തർക്കത്തിലെ കോടതി വിധി പ്രകാരം |

(.... 3)

| | | |
|---|---|---|
| | | വെള്ളം തിരിച്ചുവിടുന്നതിനാൽ. |
| 5 | ലോവർ വട്ടപ്പാറ | അപ്പർ വട്ടപ്പാറ പദ്ധതി നടപ്പിലാക്കാത്തതു കാരണം കപ്പാസിറ്റി കുറച്ച് ചെയ്യുവാൻ അനുവദിച്ചതിന്റെ െ പ്രോജക്റ്റ് റിപ്പോർട്ടിന്റെ പണി നടക്കുന്നു. |
| 6 | കുറുംപെട്ടി | കുടി ഒഴിപ്പിക്കലും കൂടുതൽ വനഭൂമി എടുക്കുന്നതു കൊണ്ടുമുള്ള അധിക ചെലവിനാൽ പദ്ധതി viable അല്ലാത്തതിനാൽ പദ്ധതിയുടെ സ്ഥാപിതശേഷി കുറച്ച് നിർമ്മിക്കുവാനുള്ള അനുമതിക്കായി നടപടി സ്വീകരിക്കുന്നു. |
| 7 | അപ്പർ പൊരിങ്കൽ | വന്യമൃഗസങ്കേതത്തിനരികിലായതിനാൽ നടപടികൾ വൈകുന്നു. |
| 8 | ആലംപാറത്തോട് | സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ |
| 9 | പാൽച്ചുരം | സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനുള്ള |

(....4)

| | | |
|---|---|---|
| | | ബുദ്ധിമുട്ടുകൾ |
| 10 | മുക്കട്ടത്തോട് | സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതി നുള്ള ബുദ്ധിമുട്ടുകൾ |

(സി) ടി പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(സി) വൈദ്യുത പദ്ധതികളുടെ പുരോഗതി ബോർഡ്/സർക്കാർ തലത്തിൽ വിലയിരുത്തി വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്. പുരോഗതി വിലയിരുത്തുന്നതിനായി രൂപീകരിച്ചിട്ടുള്ള പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റി (PMC) യഥാസമയത്ത് യോഗം നടത്തി വേണ്ട തീരുമാനങ്ങൾ എടുക്കുന്നുണ്ട്. ഇതിനുപുറമെ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഹൈപവർ കമ്മിറ്റി പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് യോഗം ചേർന്ന് തീർപ്പ് കല്പിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ